# CURRENT AFFAIRS 28 JULY 2025




## ലോക ഹെപ്പറ്റൈറ്റിസ് ദിനം

ജൂലൈ 28

- 2025 Theme - Hepatitis: Let's Break It Down
- ഹെപ്പറ്റൈറ്റിസ് ബി വൈറസ് (HBV) കണ്ടുപിടിക്കുകയും വൈറസിനുള്ള രോഗനിർണ്ണയ പരിശോധനയും വാക്സിനും വികസിപ്പിച്ചെടുക്കുകയും ചെയ്ത നോബൽ സമ്മാന ജേതാവായ ശാസ്ത്രജ്ഞൻ ഡോ. ബറൂച്ച് ബ്ലംബെർഗിന്റെ ജന്മദിനമാണ് ജൂലൈ 28.

---


പ്രൊഫ. ഉമ കാഞ്ചിലാൽ

## ഇഗ്നോയുടെ (IGNOU) ആദ്യ വനിതാ വൈസ് ചാൻസലറായി നിയമിതയായത്

പ്രൊഫ. ഉമ കാഞ്ചിലാൽ

---



## സാംസ്കാരിക നയതന്ത്രത്തിന്റെ ഭാഗമായും, ബുദ്ധ മതത്തിന് അശോക ചക്രവർത്തി നൽകിയ സംഭാവനകളെ അംഗീകരിക്കുന്നതിനായും അടുത്തിടെ അശോക സ്തംഭത്തിന്റെ പകർപ്പ് സ്ഥാപിച്ച ശ്രീലങ്കയിലെ സ്ഥലം

വാസ്കഡുവ

- വാസ്കഡുവയിലെ ശ്രീ സുഭൂതി വിഹാരത്തിലാണ് അശോകസ്തംഭത്തിന്റെ പകർപ്പ് സ്ഥാപിച്ചിട്ടുള്ളത്.

---




## കേന്ദ്രസർക്കാരിന്റെ ഭരണപരിഷ്ക്കരണ വകുപ്പ് നടപ്പാക്കുന്ന സംസ്ഥാന സഹകരണ സംരംഭ പദ്ധതിയ്ക്ക് (State Collaberative Initiative) കീഴിലെ 11 ഇനങ്ങളിൽ ഒന്നാമതായി ഇടം പിടിച്ച കേരളത്തിന്റെ പദ്ധതി

ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതി

- റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ ഒരു പ്ലാറ്റ്ഫോമിൽ സമാഹരിച്ച് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണ് ഡിജിറ്റൽ റവന്യൂ കാർഡ്.
- ഒരു എടിഎം കാർഡിന്റെ മാതൃകയിൽ ചിപ്പും QR കോഡും യൂണിക് നമ്പരും ഉൾപ്പെടുന്ന ഡിജിറ്റൽ റവന്യൂ കാർഡിൽ വ്യക്തിഗത വിവരങ്ങളും ഭൂമി സംബന്ധമായ വിവരങ്ങളും ലഭ്യമാകും.

---




## 2025 ജൂലൈയിൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന

ഓപ്പറേഷൻ ക്ലീൻ വീൽസ്